പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2871 — 19.06.2014 ൽ മറുപടിക്ക്

**അനധികൃത റേഷൻ കടത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ:<br>,, പി. ബി. അബ്ദുൾ റസാക്:<br>,, അബ്ദുറഹിമാൻ രണ്ടത്താണി:<br>,, എൻ. ഷംസുദ്ദീൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷനരിയും ഗോതമ്പും റേഷൻകടകളിൽ നിന്നും മൊത്തക്കച്ചവട കേന്ദ്രങ്ങളിൽ നിന്നും വൻതോതിൽ കടത്തിക്കൊണ്ടുപോകുന്ന സംഭവങ്ങൾ ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്; |
| (ബി) | പാവപ്പെട്ടവർക്ക് സൗജന്യമായും കുറഞ്ഞവിലയ്ക്കും നൽകേണ്ട അരി ഇത്തരത്തിൽ വൻതോതിൽ ശേഖരിച്ച് കടത്താൻ സൗകര്യമൊരുക്കുന്ന പഴുതുകൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഉണ്ട്; പലതരത്തിലുള്ള പഴുതുകൾ കണ്ടെത്തുമ്പോൾ ശക്തമായ നടപടികൾ സ്വീകരിക്കുന്നു. |
| (സി) | കടത്തിക്കൊണ്ടുപോകുന്ന അരി കളർ ചേർത്തും പോളിഷ് ചെയ്തും ബ്രാന്റഡ് ഐറ്റമാക്കി വൻവിലയ്ക്ക് സംസ്ഥാനത്തിനകത്തുതന്നെ വിറ്റഴിക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ? | (സി) | അരി കളർ ചേർത്തും പോളിഷ് ചെയ്തും ബ്രാന്റഡ് ഐറ്റമാക്കി വൻവിലയ്ക്ക് വില്ക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിലുള്ള ഭക്ഷ്യ സുരക്ഷാ വിഭാഗം ചെയ്തുവരുന്നു. ഇതിന്റെ വിശദാംശം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ